പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2965 — 12.10.2011- ൽ മറുപടിയ്ക്ക്

ആർ.എ.ഐ.സി. സെന്റർ വക ഭൂമിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ : | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി | |
| (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന ആർ.എ.ഐ.സി. സെന്റർ വക ഭൂമിയിൽ നിന്നും ഒരു വ്യക്തിക്ക് തെരുവ് നായ്ക്കളെ സംരക്ഷിക്കുന്നതിലേക്ക് ഭൂമി അനുവദിച്ചു നൽകുവാനും, പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിച്ചു നൽകുവാനും ഗവൺമെന്റ് നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ വക ഭൂമിയിൽ നിന്നും ഒരു വ്യക്തിക്ക് തെരുവ് നായ്ക്കളെ സംരക്ഷിക്കുന്നതിലേക്ക് ഭൂമി അനുവദിച്ചിട്ടില്ല. |
| (ബി) | മൃഗസംരക്ഷണ വകുപ്പിന്റെ ഏതൊക്കെ സ്ഥാപനങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്; മറ്റേതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെ വിൽപ്പനശാല അവിടെ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കന്നുകുട്ടി പരിപാലന കേന്ദ്രം ആഫീസ്, കൊട്ടിയം മൃഗാശുപത്രി എന്നീ സ്ഥാപനങ്ങളാണ് അവിടെ പ്രവർത്തിക്കുന്നത്. പൊതുമേഖലാ സ്ഥാപനത്തിന്റെ വിൽപ്പനശാല അവിടെ തുടങ്ങാൻ ഉദ്ദേശമില്ല. |
| (സി) | ആർ.എ.ഐ.സി. വക ഭൂമിയിൽ നിലവിൽ ഏതൊക്കെ കെട്ടിടങ്ങളാണ് നിലനിൽക്കുന്നത്; അവ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; | (സി) | റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ കെട്ടിടം , ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ കെട്ടിടം , നാല് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ആഫീസുകളുടെ പ്രവർത്തനത്തിനും ക്വാർട്ടേഴ്സുകൾ ജീവനക്കാരുടെ താമസത്തിനും ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി ഏതെങ്കിലും കെട്ടിടം നിർമ്മിക്കുന്നുവോ; എങ്കിൽ ഏതെന്നും, എത്ര ലക്ഷം രൂപയാണ് അടങ്കൽ തുകയെന്നും, പ്രസ്തുത കെട്ടിടം എന്ത് ആവശ്യത്തിന് നിർമ്മിക്കുന്നുവെന്നും അറിയിക്കുമോ; | (ഡി) | പരിശീലനത്തിനായി എത്തുന്ന കർഷർക്ക് താമസസൗകര്യം നൽകുന്നതിന് 80 ലക്ഷം രൂപ അടങ്കൽ തുകയായി ഒരു ഫാർമേഴ്സ് ഹോസ്റ്റലും, തെരുവു നായ്ക്കളെ സംരക്ഷിക്കുന്നതിന് 12 ലക്ഷം രൂപ അടങ്കൽ തുകയായി ഒരു സംസ്ഥാന തല ആനിമൽ വെൽഫയർ സെന്ററും നിർമ്മിക്കുന്നു. |
| (ഇ) | പ്രസ്തുത ഭൂമിയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും, പുതുതായി നിർമ്മിക്കുന്ന കെട്ടിടം ഉൾപ്പെടെ വരുമ്പോൾ തെരുവു നായ സംരക്ഷണ കേന്ദ്രം കൂടി പ്രവർത്തിക്കുവാൻ സാങ്കേതികമായി സൗകര്യമുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരം വെളിവാക്കുമോ; | (ഇ) | ആർ.എ.ഐ.സി. സെന്റർ വക ഭൂമിയിൽ 'ആനിമൽ വെൽഫയർ സെന്റർ' കൂടി പ്രവർത്തിപ്പിക്കുവാൻ സാങ്കേതികമായി സൗകര്യമുള്ളതായിട്ടാണ് കണ്ടിട്ടുള്ളത്. |
| (എഫ്) | നായ വളർത്തൽ സംരക്ഷണ കേന്ദ്രത്തിന് ഭൂമി അളക്കുവാൻ റവന്യൂ അധികാരികൾ വന്നപ്പോൾ ജനപ്രതിനിധികളും, പൊതുജനങ്ങളും ജീവനക്കാരുടെ സംഘടനകളും ത്രിതല പഞ്ചായത്ത് ഭാരവാഹികളും കൂടി അത് തടസ്സപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | പ്രസ്തുത സ്ഥലത്ത് ഈ കേന്ദ്രം ആരംഭിക്കരുതെന്നും മറ്റൊരു സ്ഥലത്ത് ഭൂമി കണ്ടെത്തണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയോ എന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുതനടപടിയിൽ നിന്നും പിന്മാറുവാൻ സന്നദ്ധമാകുമോ? | (ജി) | നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ